>> മുഖക്കുറിപ്പ്

# മാറ്റത്തിന്റെ തുടക്കം

**സോവിയറ്റ്** റഷ്യയുടെ തിരോധാനത്തിനു ശേഷം അമേരിക്കയുടെ നേതൃത്വത്തിലുള്ള ലോക വ്യവസ്ഥ എന്ന സങ്കൽപം ഒരളവോളം യാഥാർഥ്യമായി. ലോകത്തെ എല്ലാ രാഷ്ട്രങ്ങളും അമേരിക്കയുടെയും യൂറോപ്പിന്റെയും താൽപര്യമനുസരിച്ച് ചലിക്കുന്ന സംവിധാനമാണ് ഈ വ്യവസ്ഥകൊണ്ട് അർഥമാക്കുന്നത്. ഇന്ന് കമ്യൂണിസ്റ്റ് ചൈന പോലും അമേരിക്കൻ താൽപര്യങ്ങൾ മാനിച്ചുകൊണ്ട് നീങ്ങേണ്ട സ്ഥിതിവിശേഷം ഉളവായിരിക്കെ മറ്റു മൂന്നാം ലോക രാഷ്ട്രങ്ങളുടെ കഥ പറയേണ്ടതില്ലല്ലോ. സ്വാതന്ത്ര്യം, സമാധാനം, ജനാധിപത്യം, മനുഷ്യാവകാശം, തീവ്രവാദം, ഭീകരത തുടങ്ങിയ പരികൽപനകൾക്കൊക്കെ അമേരിക്കയും സഖ്യകക്ഷികളും നിശ്ചയിക്കുന്നതാണ് അർഥം. ഇറാഖിൽ യാങ്കിപ്പട നടത്തുന്ന കൂട്ടക്കുരുതികൾ സ്വാതന്ത്ര്യത്തിന്റെയും ജനാധിപത്യത്തിന്റെയും സംരക്ഷണമാകുന്നു. അഫ്ഗാനിലും പാകിസ്താനിലും ആയിരങ്ങളെ ബോംബിട്ടു കൊല്ലുന്നത് ഭീകരതാ നിവാരണമാകുന്നു. ആയിരക്കണക്കിൽ അണുബോംബുകൾ കക്ഷത്തു വെച്ച്, ആണവനിലയങ്ങളുടെ പേരിൽ ഇറാന്നും ഉത്തര കൊറിയക്കുമെതിരിൽ മാരകമായ ഉപരോധങ്ങളേർപ്പെടുത്താൻ വെമ്പൽകൊള്ളുന്നത് സമാധാന സംരക്ഷണമാകുന്നു. അതൊക്കെ അങ്ങനെത്തന്നെ അംഗീകരിക്കാനും ഒത്താശകൾ ചെയ്തുകൊടുക്കാനും ലോകരാഷ്ട്രങ്ങൾ ബാധ്യസ്ഥമാകുന്നു. ആ ബാധ്യത നിറവേറ്റാൻ മൂന്നാംലോക രാജ്യങ്ങൾ മത്സരിക്കുകയും ചെയ്യുന്നു. ജനവികാരം മാനിക്കുകയോ പാർലമെന്റിൽ ചർച്ച ചെയ്യുകയോ ചെയ്യാതെയാണ് ഇന്ത്യ ഗാട്ട് കരാറിലും ആണവക്കരാറിലും സ്വതന്ത്ര വ്യാപാര കരാറിലും ഒപ്പുവെച്ചത്. ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ ഭരണകൂടത്തിന്റെ സ്ഥിതി ഇതാണെങ്കിൽ സ്വേഛാധിപത്യ, സർവാധിപത്യ ഭരണകൂടങ്ങളുടെ കാര്യം ഊഹിക്കാവുന്നതേയുള്ളൂ.

ഈ കുത്സിതമായ ലോകവ്യവസ്ഥക്കും അതിന്റെ സംവിധായകരായ യൂറോപ്യൻ, അമേരിക്കൻ ശക്തികൾക്കും എതിരായ വികാരം സാധാരണക്കാർക്കിടയിൽ നേരത്തേ തന്നെ വളർന്നുവരുന്നുണ്ട്. പക്ഷേ, ഭരണകൂടങ്ങളും അധികാരിവർഗങ്ങളും അതിനു നേരെ കണ്ണടക്കുകയായിരുന്നു. സ്വന്തം ജനതയുടെ അഭിലാഷങ്ങളും താൽപര്യങ്ങളും അവഗണിച്ചുകൊണ്ട് അമേരിക്കയുടെയും സഖ്യകക്ഷികളുടെയും താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനാണ് അവർ ശ്രമിച്ചത്. ഈ ഭരണകൂടങ്ങളിൽ പലതിന്റെയും സ്ഥാപകർ വൻശക്തികൾ തന്നെയാണ്. അവർക്കു വേണ്ടി അവർ തന്നെ വളർത്തിക്കൊണ്ടുവന്നവരാണ് അവയുടെ തലപ്പത്തിരിക്കുന്നതും. ഭരണത്തലവന്മാർ തങ്ങളുടെ താൽപര്യങ്ങൾ അവഗണിക്കുന്നുവെന്ന് കണ്ടാൽ നിഷ്കരുണം വകവരുത്തുകയോ പിടിച്ചു പുറത്താക്കുകയോ ചെയ്യാൻ പാശ്ചാത്യ ലോകം മടിക്കുന്നുമില്ല. മൂന്നാം ലോക രാജ്യങ്ങളിൽ ഭരണകൂടങ്ങൾ നിലവിൽ വരുന്നതും നിലനിൽക്കുന്നതും മറിഞ്ഞുവീഴുന്നതുമൊക്കെ ശ്രദ്ധിക്കുന്നവർക്ക് അനായാസം ബോധ്യമാകുന്നതാണിക്കാര്യം.

പക്ഷേ, ദേശരാഷ്ട്രങ്ങളിൽ ഇത്തരം നേതാക്കളുടെ സ്വാധീനം ക്ഷയിച്ചുവരികയാണിപ്പോൾ. സ്വന്തം പൗരന്മാരുടെ അഭിലാഷങ്ങൾക്കും താൽപര്യങ്ങൾക്കും മറ്റെ

ന്തിനേക്കാളുമുപരി മുൻഗണന നൽകാൻ അവർ നിർബന്ധിതരായിക്കൊണ്ടിരിക്കുകയാണ്. ഇത് 'നവലോകവ്യവസ്ഥിതി'ക്ക് കനത്ത ആഘാതമാകുന്നു. സാമാന്യ ജനങ്ങളിൽ വളർന്നുവരുന്ന രാഷ്ട്രീയോൽബുദ്ധതയും സ്വാതന്ത്ര്യ വാഞ്ഛയും കൊളോണിയൽ ശക്തികൾക്കെതിരായ വികാരവുമാണ് ഇതിന്റെ ഒരു കാരണം. അധികാരികളോടും അവരുടെ പോലീസിനോടും പട്ടാളത്തോടുമുള്ള ഭക്തിയും ഭയവും അവരിൽ അനുദിനം ക്ഷയിച്ചുവരുന്നു. ചോദ്യം ചെയ്യാനും ധിക്കരിക്കാനുമുള്ള ധൈര്യം ശക്തിപ്പെട്ടുവരുന്നു. ഈ യാഥാർഥ്യത്തിനു നേരെ പാവ ഭരണകൂടങ്ങൾക്ക് ഇനിയും ഏറെക്കാലം കണ്ണടച്ചിരിക്കാനാവില്ല.

ദുർബലവും ദരിദ്രവുമായ മൂന്നാംലോക രാഷ്ട്രങ്ങളിൽ ആത്മവീര്യവും നിശ്ചയദാർഢ്യവുമുള്ള രാഷ്ട്രീയ നേതൃത്വങ്ങൾ ഉയർന്നുവരാൻ തുടങ്ങിയിരിക്കുന്നു എന്നതാണ് ആശാവഹമായ മറ്റൊരു സംഗതി. പണ്ട് അമേരിക്കയെയും യൂറോപ്പിനെയും വെല്ലുവിളിക്കാൻ ഒരു ഫിഡൽ കാസ്ട്രോ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇന്ന് അഹ്മദീ നിജാദുണ്ട്, മുഅമ്മർ ഖദ്ദാഫിയുണ്ട്, വെനിസുലയുടെ പ്രസിഡന്റ് ഹ്യൂഗോ ചാവേസ് ഉണ്ട്. ബ്രസീലിന്റെയും ഉത്തരകൊറിയയുടെയും നേതാക്കളുണ്ട്. ഇവർക്കിടയിൽ ഒരു ഐക്യവികാരം തളിരിടുന്നതായും കാണപ്പെടുന്നു.

ഐക്യരാഷ്ട്രസഭയുടെ കഴിഞ്ഞ ജനറൽ അസംബ്ലി സമ്മേളനവേളയിൽ, ആഫ്രിക്കൻ-ലാറ്റിനമേരിക്കൻ രാജ്യങ്ങളുടെ നേതാക്കൾ പ്രത്യേകം ഒത്തുകൂടുകയുണ്ടായി. നിലവിലുള്ള കൊളോണിയൽ മർദകശക്തികൾക്കെതിരെ ഉറച്ച മുന്നണി രൂപീകരിക്കുന്നതിനെക്കുറിച്ചാണ് അവർ മുഖ്യമായി ചർച്ച ചെയ്തത്. ചേരി ചേരാ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാക്കളിൽപെട്ട ഇന്ത്യ ഈ നീക്കത്തിൽ നിർണായക പങ്കുവഹിക്കേണ്ടതായിരുന്നു. സ്വയം അമേരിക്കൻ ചേരിയിൽ ചേരുകയും അമേരിക്കയോടുള്ള വിധേയത്വത്തിലാണ് നമ്മുടെ സുരക്ഷ എന്നു വിശ്വസിക്കുകയും ചെയ്യുന്ന ആധുനിക ഇന്ത്യൻ നേതൃത്വത്തിന് അതിനു കഴിയാതെ പോയതിൽ അത്ഭുതമില്ല. ഏതായാലും ആഫ്രോ-ലാറ്റിനമേരിക്കൻ നേതാക്കളുടെ പുതിയ നീക്കത്തിന് ഇന്ത്യയിലെ സാമാന്യ ജനങ്ങളുടെ പിന്തുണ തീർച്ചയായും ഉണ്ടായിരിക്കും. ഈ ശ്രമം തുടരുകയും ഏഷ്യൻ-ആഫ്രിക്കൻ-ലാറ്റിനമേരിക്കൻ രാഷ്ട്രങ്ങളുടെ ഭദ്രമായ ഐക്യനിര കെട്ടിപ്പടുക്കുന്നതിലെത്തുകയുമാണെങ്കിൽ, നിലവിലുള്ള കൊളോണിയൽ മർദക ലോകവ്യവസ്ഥക്ക് വിജയകരമായ ബദൽ സൃഷ്ടിക്കാൻ അതിനു കഴിയുമെന്ന് ന്യായമായും പ്രതീക്ഷിക്കാം. ■